Talented Bankers Literary Panel
പുസ്തക പരിചയം 272

നവകോപായം,
ബിലഹരി.

പരിചയപ്പെടുത്തുന്നത്,
അമിത് കുമാർ,
ഫെഡറൽ ബാങ്ക്,
ഹെഡ് ഓഫീസ്,
ആലുവ.

ക്രൈം ത്രില്ലർ എന്നു കേട്ടാൽ മടുപ്പോടെ മുഖം തിരിച്ച് ഓടിക്കളയുന്നവരാണോ നിങ്ങൾ ? എന്നാൽ അങ്ങനെ ഓടേണ്ട ആവശ്യമില്ലാത്തതും സധൈര്യം എടുത്തുവായിച്ച് ആസ്വദിക്കാൻ പറ്റുന്നതുമായ ഒരു ക്രൈം ത്രില്ലറിനെക്കുറിച്ചു പറയാം.

മലയാളത്തിലെ ആദ്യ ഹിസ്റ്റോറിക്കൽ ക്രൈം ത്രില്ലർ എന്നു പുറംചട്ടയിൽ വിശേഷിക്കപ്പെട്ട നവകോപായം ആണ് ആ ക്രൈം ത്രില്ലർ.

ചരിത്രമാണെങ്കിൽ സാമാന്യം ബോറാവാനുള്ള സാധ്യതയില്ലേ എന്ന സംശയം സ്വാഭാവികമാണ്. ഇത് ഒരു പരിധിവരെ വാസ്തവവുമാണ്. നമുക്കു പരിചിതമില്ലാത്ത നാടിന്റെ അല്ലെങ്കിൽ വ്യക്തികളുടെ ചരിത്രമാണ് വായിക്കുന്നതെങ്കിൽ മുഷിവു തോന്നാനുള്ള സാധ്യത തള്ളിക്കളയാവുന്നതല്ല.

പക്ഷേ നവകോപായം ചുമ്മാ ചരിത്രം പറഞ്ഞങ്ങു പോവുകയല്ലല്ലോ. മറിച്ച്, വളവിൽ തിരിവ് എന്ന മട്ടിൽ ഓരോ രണ്ടു പേജിലും പുതിയൊരു സംഭവവും സംഭവവികാസവും കൊണ്ടു നിറഞ്ഞതാണത്.

അതുകൊണ്ടുതന്നെ, മുഷിവ് എന്ന പദം നവകോപായത്തിന്റെ നിഘണ്ടുവിൽ ഇല്ല.

ആരെയോ കൊല്ലാൻ വേണ്ടിയുള്ള ഒരു ക്വട്ടേഷൻ ഒൻപതു പാതകികൾക്ക് ആരോ കൊടുക്കാൻ ശ്രമിക്കുന്നതായി ഇന്റലിജൻസ് ബ്യൂറോയ്ക്ക് വിവരം ലഭിക്കുന്നതുമായി ബന്ധപ്പെട്ടാണ് നോവൽ തുടങ്ങുന്നത്.

ബ്യൂറോയുടെ തിരുവനന്തപുരം ഓഫീസിലെ ഉദ്യോഗസ്ഥനായ തോമസ് പീറ്റർ ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിച്ച് പുതിയ ഫയൽ തുറക്കുന്നു. ഒൻപതു പേർ ഇടപെട്ട വിഷയമായതിനാൽ ഫയലിന് നവകോപായം എന്ന പേരാണ് അദ്ദേഹം നൽകുന്നത്.

തുടർന്ന് നവകോപായത്തിന്റെ അന്വേഷണത്തിനായി നാരായണൻ എന്ന ഉദ്യോഗസ്ഥൻ എത്തുകയാണ്.

സഹപാഠിയും നിലവിൽ അഭിഭാഷകനുമായ ധന്വന്തരിയെ സഹായത്തിനായി നാരായണൻ കൂടെ കൂട്ടുന്നു.

ഒൻപതു പേരെ ബന്ധപ്പെട്ട മൊബൈൽ നമ്പരിനെ പിന്തുടർന്നാണ് അന്വേഷണം ആരംഭിക്കുന്നത്.
ചെന്നെത്തുന്നതാവട്ടെ, ഹരിപ്പാട് സുബ്രഹ്മണ്യസ്വാമി ക്ഷേത്രത്തിന് ഏതാനും കിലോമീറ്റർ കിഴക്കു മാറിയുള്ള കാർത്തികപ്പള്ളി ലോഡ്ജിൽ നടന്ന ഒരു അസ്വാഭാവിക മരണത്തിലും.

രാധാകൃഷ്ണവാര്യർ എന്നൊരാളാണ് മരിച്ചിരിക്കുന്നത്. ഒരു അപ്പാവിയായ ആരായിരിക്കും കൊന്നത്, എന്തിനായിരിക്കും കൊന്നത് എന്നിങ്ങനെ അന്വേഷണം തുടങ്ങുന്നു.

തുടർന്നങ്ങോട്ട് സ്വാതന്ത്ര്യപൂർവ കാലഘട്ടം മുതലുള്ള അനവധി സംഭവങ്ങളിലേക്കു നോവൽ കടക്കുകയാണ്. ഇവയാവട്ടെ, പറയാൻ തുടങ്ങിയാൽ നോവലിന്റെ സസ്പെൻസ് ചോർന്നേക്കാമെന്നതിനാൽ പൂർണമായും വിട്ടുകളയാൻ നിർബന്ധിതനാവുകയാണ്.

പക്ഷേ, കഥ എന്ത് എന്നു പറയുന്നതിനു പകരം കഥയിൽ എന്തുണ്ട് എന്നു പറയാമെന്നു തോന്നുന്നു.

തുടക്കത്തിൽ പറഞ്ഞതുപോലെ തിരുവിതാംകൂറിന്റെ ചരിത്രം, സ്വതന്ത്രകേരളത്തിന്റെ, നക്സൽ പ്രസ്ഥാനത്തിന്റെ, വർത്തമാനകാല കേരളത്തിന്റെ എന്നുവേണ്ട രണ്ടാം ലോകമഹായുദ്ധവും ശീതസമരവുമൊക്കെ വളരെ തെളിമയോടെ നോവലിൽ ചിത്രീകരിച്ചിരിക്കുന്നു.
ഓരോ പേജും കടന്നുപോവുമ്പോൾ കുരുക്കുകൾ അഴിയുന്നതിനു പകരം പുതിയവ നേരിടേണ്ടതായ അനുഭവമാണ് അന്വേഷകർക്ക് എങ്കില് ഓരോ പെജ്ഗിലും പുതുരസം നുകരുന്ന പ്രതീതിയാണ് വായനക്കാർക്ക്.
(നാരായണന്റെ സഹായിയായെത്തി രംഗം കയ്യടക്കുന്ന, കടുത്ത മദ്യപനായ ധന്വന്തരി മനസിൽ നിന്നു മായാത്തതുകൊണ്ടാണ് മദ്യത്തിന്റെ ഉപമ പ്രയോഗിച്ചു പോയത്).
കഴിഞ്ഞുപോയ കഥ എന്ന് എഴുതിത്തള്ളാൻ തുടങ്ങുമ്പോഴായിരിക്കും പല ഉപകഥകളും ജീവൻ വച്ചു വരുന്നതും പുതിയ കുരുക്കുകളിലേക്കോ ഉപകഥകളിലേക്കോ എത്തിക്കുന്നതും.

കഥ പറയുന്ന രീതിയെപ്പറ്റിയും പറഞ്ഞേ തീരൂ. ആദ്യാവസാനം ഒരാൾ (പൊതുവെ കുറ്റാന്വേഷണത്തിലെ അസിസ്റ്റന്റ്) കഥ പറഞ്ഞുപോവുന്ന

രീതിക്കു പകരം പ്രധാന അന്വേഷണ ഉദ്യോഗസ്ഥനായ നാരായണനും കൂടെ വന്ന ധന്വന്തരിയും പോലീസ് ഉദ്യോഗസ്ഥനായ രൂപേഷും ഒരു ഘട്ടത്തിൽ, നോവലിസ്റ്റായ ബിലഹരിയുമൊക്കെ കഥ പറഞ്ഞുപോവുന്ന ഒരു മാതൃകയാണ് നവകോപായം അവലംബിച്ചിരിക്കുന്നത്.

ശ്രീ ബിലഹരിയുടെ ആദ്യ നോവലാണ് നവകോപായം. പക്ഷേ, കൈകാര്യം ചെയ്ത വിഷയം, രീതി, മാർഗങ്ങൾ തുടങ്ങിയവ വിലയിരുത്തിയാൽ ഇരുത്തം വന്ന ഒരു ക്രൈം ത്രില്ലറുകാരനെയാണ് നവകോപായത്തിനു പിറകിൽ കാണാൻ കഴിയുക.

പ്രസാധകർ : മിറർ ബുക്സ്
വില: 220 രൂപ